# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2754** **17-03-2022 - ൽ മറുപടിയ്ക്ക്**

## സഹകരണ ആഡിറ്റ് വകുപ്പിന്റെ ആധുനികവൽക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ആഡിറ്റ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ഉണ്ട്. സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമ്പ്രദായം ശക്തമാക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ IA&AS സർവ്വീസിൽ നിന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഗ്രേഡിലുള്ള ഉദ്യോഗസ്ഥയെ സഹകരണ ആഡിറ്റ് ഡയറക്ടർ ആയി നിയമിച്ചിട്ടുണ്ട് സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടീം ആഡിറ്റ് നടത്തുന്നത് സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുന്നതാണ്. സഹകരണ രംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾ കൂടി വരുന്ന സാഹചര്യത്തിൽ സഹകരണ നിയമത്തിൽ സമഗ്ര ഭേദഗതി വരുത്തി ക്രമക്കേടുകൾ ക്രിമിനൽ നടപടി നിയമ പ്രകാരം അന്വേഷിക്കുന്നതിന് കൂടുതൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതാണ്. സംഘങ്ങളുടെ കണക്കുകൾ തയ്യാറാക്കുന്നതിന് വ്യക്തമായ വ്യവസ്ഥ പുതിയ നിയമഭേദഗതിയിൽ ഉൾപ്പെടുത്തുന്നതാണ്. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ ആഡിറ്റ് കാര്യക്ഷമമായി നിർവ്വഹിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ ആഡിറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം.)-ൽ നിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഐ.സി.എം. ഡയറക്ടറുമായി സഹകരണ ആഡിറ്റ് ഡയറക്ടർ ചർച്ച ചെയ്ത് തുടർനടപടികൾ |

സ്വീകരിച്ചുവരുന്നു. സ്വർണ്ണപണയ പണ്ടങ്ങളുടെ പരിശോധന കാലാനുസൃതമായി കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പുതല ആഡിറ്റർമാരുടെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംബന്ധിച്ച് അവരുടെ ടൂർ, പ്രോഗ്രാം, ഡയറി വെരിഫിക്കേഷനുകൾ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി നടത്തിവരുന്നു. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്. പരിഷ്കരിച്ച ആഡിറ്റ് മാന്വൽ പ്രകാരം ആഡിറ്റ് നടത്തുന്നതിന് ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകി വരുന്നു. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. വസ്തുജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണവകുപ്പ് ആധുനികവത്കരണത്തിന്റെ ഭാഗമായി Centre for Development of Imaging Technology (C-Dit) മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന

| | | | |
|---|---|---|---|
| | | | വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ